The Heavenly Light Ministry

സർവ്വ സൃഷ്ടികളുമൊന്നായ് പുകഴ്ത്തീടുന്ന
സ്രഷ്ടാവിനെ സ്തുതിക്കും ഞാൻ
ഈ ക്ഷോണിതലത്തിൽ ജീവിക്കുന്ന നാളെല്ലാം
ഘോഷിച്ചീടും പൊന്നു നാഥനെ
യേശു മാറാത്തവൻ യേശു മാറാത്തവൻ
യേശു മാറാത്തവൻ ഹാ ! എത്ര നല്ലവൻ
ഇന്നുമെന്നും കൂടെയുള്ളവൻ

തന്റെ കരുണ എത്രയോ അതിവിശിഷ്ടം തൻ സ്നേഹമാശ്ചര്യമേ
എൻ ലംഘനങ്ങളും എൻകൃത്യങ്ങളുമെല്ലാം
അകറ്റിയേ തന്റെ സ്നേഹത്താൽ യേശു

രോഗശയ്യയിലെനിക്കു സഹായകനും
രാക്കാല ഗീതവുമവൻ
നല്ല വൈദ്യനും ദിവ്യ ഔഷധവുമെൻ
ആത്മ സഖിയുമവൻ തന്നെ യേശു

തേജസിൽ വാസം ചെയ്യുന്ന
വിശുദ്ധരൊത്തു
അവകാശം ഞാനും പ്രാപിപ്പാൻ
ദിവ്യആത്മാവാൽ ശക്തികരിച്ചെന്നെയും തൻ
സന്നിധിയിൽ നിറുത്തിടുന്നു. യേശു

സീയോനിൽ വാണിടുവാനായ് വിളിച്ചു തന്റെ
ശ്രേഷ്ഠോപദേശവും തന്നു
ഹാ ! എന്തൊരത്ഭുതം ഈ വൻ കൃപയെ ഓർക്കുമ്പോൾ
നന്ദികൊണ്ടെന്നുള്ളം തുള്ളുന്നേ യേശു